## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4627 — 18.05.2017-ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളുടെ മൂലധനപര്യാപ്തതാ മാനദണ്ഡങ്ങളിൽ ഇളവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്തതാ മാനദണ്ഡം 2016-17-ൽ പാലിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണ്; | (എ) 31/03/2017-ന് മുമ്പായി ബാങ്കിംഗ് ലൈസൻസുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകളും 9 ശതമാനം മൂലധനപര്യാപ്തത കൈവരിക്കണമെന്ന് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശം ഉണ്ടായിരുന്നു. താൽക്കാലിക കണക്കുകൾ പ്രകാരം 14 ജില്ലാ സഹകരണ ബാങ്കുകളിൽ 11 ജില്ലാ സഹകരണ ബാങ്കുകളും നിശ്ചിത മൂലധനപര്യാപ്തത കൈവരിച്ചിട്ടുണ്ട്. തിരുവനന്തപുരം, വയനാട്, കാസർഗോഡ് ജില്ലാ സഹകരണ ബാങ്കുകൾ നിശ്ചിത മൂലധനപര്യാപ്തത കൈവരിച്ചിട്ടില്ല. നോട്ട് പ്രതിസന്ധി കാരണം വായ്പാതിരിച്ചടവിൽ കുറവ് വരുകയും ആയത് ബാങ്കുകളുടെ എൻ.പി.എ. വർദ്ധിക്കുന്നതിന് ഇടയാക്കിയത് ടി ബാങ്കുകൾക്ക് നിശ്ചിത മൂലധനപര്യാപ്തത കൈവരിക്കാൻ കഴിയാതെ വന്നതിന്റെ പ്രധാന കാരണമാണ്. |
| (ബി) പ്രസ്തുത മാനദണ്ഡങ്ങളിൽ ഇളവ് ആവശ്യപ്പെട്ട് സർക്കാർ റിസർവ്വ് ബാങ്കിനെ സമീപിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. മാത്രമല്ല നബാർഡുമായിട്ടുള്ള ചർച്ചകളിൽ പ്രസ്തുത മാനദണ്ഡങ്ങളിൽ ഇളവ് ആവശ്യപ്പെട്ടിരുന്നു. |
| (സി) ഇതു സംബന്ധിച്ച് റിസർവ്വ് ബാങ്ക് എന്തെങ്കിലും ഉറപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (സി) റിസർവ്വ് ബാങ്കിന്റെ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് ഇക്കാര്യം പരിശോധിക്കുമെന്ന് റിസർവ്വ് ബാങ്ക് ഗവർണർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ